K20P 0276

Reg. No. : ...............................

Name : ...................................

GOVT. BRENNEN COLLEGE * THALASSERY *

II Semester M.A. Degree (CBSS – Reg./Suppl./Imp.) Examination, April 2020
(2014 Admission Onwards)

**MALAYALAM LANGUAGE AND LITERATURE**

**MAL E 06 : Eminent Writer – Kumaranasan**

Time : 3 Hours Max. Marks : 80

I. **ഒന്നു** മുതൽ **അഞ്ച്** വരെ ചോദ്യങ്ങൾക്ക് **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) ''ജന്തുവിന്നു തുടരുന്നു വാസനാ
ബന്ധമിങ്ങുടലു വീഴുവോളവും'' – ഈ വരികളിലെ സൂചിതവും കാവ്യഭംഗിയും വിലയിരുത്തുക.

2) ''വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നും കപോതമെന്നും ?'' എന്ന് ചിന്തിക്കാനിടയായ സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

3) ''അത്ഭുതപ്പെട്ടു ജനക
നാനന്ദാശ്രു പൊഴിഞ്ഞിതു
വിസ്മയം ലക്ഷ്മണൻ താനും
വിശ്വാമിത്രരുമാർന്നിതു'' – സന്ദർഭം വ്യക്തമാക്കുക.

4) ''കറയറ്റേലും ജ്ഞാനസൗരഭ്യം കൊണ്ടു ലോകം
നിറയും ദയാമകരന്ദബിന്ദുക്കൾ കൊണ്ടും
സ്ഫുടമീ ബാലൻ രാജകുലമാം തടാകത്തിൽ
വിടരും ദിവ്യമായ താമരയെന്നും ചൊല്ലാം'' – ആരെ കുറിച്ചാണ് ഇങ്ങനെ പറയുന്നത് ? സന്ദർഭം വ്യക്തമാക്കുക.

5) ''അരുതെന്തയീ വീണ്ടുമെത്തി ഞാൻ
തിരുമുമ്പിൽ തെളിവേകി ദേവിയായ്
മരുവീടണമെന്നു മന്നവൻ
കരുതുന്നോ ? ശരി പാവയോയിവൾ !''
– ഈ വരികളിലൂടെ തെളിയുന്ന അന്തർഗതം വ്യക്തമാക്കുക. (5×4=20)

P.T.O.

II. ആറു മുതൽ പത്ത് വരെ ചോദ്യങ്ങൾക്ക് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) a) ''മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ''
എന്നിങ്ങനെയുള്ള ദുരവസ്ഥയിലെ വരികളിൽ ഒരു മഹാകവിയെയല്ല; കാവ്യാത്മകതയില്ലാത്ത ഒരു പ്രഭാഷകന്റെ യുക്തിപരമായ പ്രസ്താവനകൾ മാത്ര മാണ് എന്നഭിപ്രായത്തോടു യോജിക്കുന്നുവോ ? വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ആശാൻ 'ഉമാകേരളം' നിരൂപണം ചെയ്ത് മുന്നോട്ട് വയ്ക്കുന്ന അഭിപ്രായങ്ങൾ എന്തെല്ലാം ?

7) a) 'പുഷ്പവാടിയെ' മുൻനിർത്തി കുമാരനാശാന്റെ ബാല-സാഹിത്യ രചനാപാടവം വിലയിരുത്തുക.

**അല്ലെങ്കിൽ**

b) പരരിലലിവെഴാത്ത ദുർജ്ജനത്തിൻ –
കരബല കല്പിതമാണു ജാതി ഭേദം
ദുരയോടവർമിടഞ്ഞുവെച്ച –
മൗഢ്യത്തിരയിലൊളിക്കരുതാരുമാത്മ ദീപം.
– ഈ വരികളിലെ ആശയതലം വ്യക്തമാക്കുക.

8) a) 'ബാലരാമായണത്തെ' മുൻനിർത്തി കുമാരനാശാന്റെ കവനപാടവം വിശദമാക്കുക.

**അല്ലെങ്കിൽ**

b) നളിനി എന്ന ഖണ്ഡകാവ്യത്തെ മുൻനിർത്തി ഉൾഫുല്ല ബാലരവിപോലെ തിളങ്ങുന്ന കഥാപാത്രമായ ദിവാകരന്റെ കഥാപാത്ര വിശകലനം തയ്യാറാക്കുക.

9) a) ''അത്ര ഭയാനകമിപ്പോഴുമോർക്കുമ്പോൾ
ചിത്തം നടുങ്ങിപ്പോമച്ചരിതം'' ഭയാനകമായ ചരിതം എന്തായിരുന്നു ?

**അല്ലെങ്കിൽ**

b) ചിത്രയോഗം മഹാകാവ്യം നിരൂപണം ചെയ്ത് ആശാൻ മുന്നോട്ടു വയ്ക്കുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.

10) a) ''നളിനി' 'നളിനീ' എന്നാമന്ത്രണം ചെയ്തു ചെന്നാ –
മിളിതയമിവപുസ്സായൊരു പൂമെയ്യെടുത്താൾ
ദളിത ഹൃദയകയ്യാൽ ശാന്തി ബിംബത്തിൽ നിന്നും
ഗളിത സുഷമമാം നിർമ്മാല്യമാല്യം കണക്കേ''– ആശയം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

b) ആശാൻ കൃതികളെ അടിസ്ഥാനമാക്കി; 'ആശാൻ വിപ്ലവത്തിന്റെ ശുക്രനക്ഷത്രം' എന്ന മുണ്ടശ്ശേരിയുടെ പ്രസ്താവന വിലയിരുത്തുക. **(5×6=30)**



III. ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) a) 'ആധുനിക മലയാള സാഹിത്യത്തിലെ സർഗ്ഗശക്തിയുടെ സമുദ്ഘാടകനും പ്രചാരകനും ശക്തിസമ്പന്നനുമായ കവിയാണ് കുമാരനാശാൻ' – വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ലോകജീവിതത്തെ കുറിച്ചുള്ള ഉപദർശനങ്ങൾ ഉൾക്കൊള്ളുന്ന കൃതി എന്ന നിലയിൽ വീണപൂവിനെ വിലയിരുത്തുക.

12) a) ജാതീയതയ്ക്കെതിരെയുള്ള ശക്തവും നിശിതവുമായ വിമർശന ശരങ്ങളെയ്യുകയാണ് കുമാരനാശാൻ തന്റെ കൃതികളിലൂടെ ചെയ്തത്. 'ഒരു തീയക്കുട്ടിയുടെ വിചാരം', 'സിംഹനാദം' എന്നീ കവിതകളെ മുൻനിർത്തി വിശദമാക്കുക.

**അല്ലെങ്കിൽ**

b) കുമാരനാശാന്റെ കാവ്യകല 'വീണപൂവ്', 'ചിന്താവിഷ്ടയായ സീത' എന്നിവയെ മുൻനിർത്തി വിശദമാക്കുക.

13) a) കുമാരനാശാൻ ഒരു ബഹുമുഖ പ്രതിഭ മാത്രമല്ല ഒരു സങ്കീർണ പ്രതിഭ കൂടിയാണ്, അദ്ദേഹത്തിന്റെ പ്രവർത്തന മേഖല സാഹിത്യം മാത്രമല്ല, രാഷ്ട്രീയ സാമൂഹികവുമായ ഭാവങ്ങളെകൂടി ഉൾപ്പെടുന്ന ഒരു വിശാലരംഗമാണ്; എന്ന കെ. എം. ജോർജ്ജിന്റെ പ്രസ്താവന ശരിയോ ? വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ശ്രീബുദ്ധചരിതത്തെ മുൻനിർത്തി ആശാന്റെ വിവർത്തന പാടവം വിലയിരുത്തുക. **(3×10=30)**

---